(ഡി) മേൽപ്പറഞ്ഞ ഫാമുകളിലെ എല്ലാ തൊഴിലാളികൾക്കും ഇത് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 8.10.1997-ലെ ജി.ഒ. (എം.എസ്) 274/97/ കൃഷി പ്രകാരം കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മണ്ണുസംരക്ഷണം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്കും കാഷ്വൽ തൊഴിലാളികൾക്കും 1.4.1997 മുതൽ പ്രതിമാസം 50 രൂപ നിരക്കിൽ ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

135 (1867) കൃഷിവകുപ്പിലെ തൊഴിലാളികൾക്ക് ക്ഷാമബത്ത

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മണ്ണുസംരക്ഷണം എന്നീ വകുപ്പുകളിലെ സ്ഥിരം കാഷ്വൽ തൊഴിലാളികൾക്ക് 2/97-ലെ ഒരു സർക്കാർ ഉത്തരവ് പ്രകാരം 1995 ആഗസ്റ്റ് മുതൽ ക്ഷാമബത്ത വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ;

(ബി) മേല്പറഞ്ഞ വകുപ്പുകളിലെ എല്ലാഫാമുകളിലും ഇതു അനുസരിച്ചുള്ള ക്ഷാമബത്ത നൽകി വരുന്നുണ്ടോ;

(സി) പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത ലഭിയ്ക്കുന്നില്ല എന്ന പരാതി ഏതെങ്കിലും ഫാമുകളിലെ തൊഴിലാളികളിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ഡി) എല്ലാ ഫാമുകളിലേയും തൊഴിലാളികൾക്ക് മേൽ ഉത്തരവ് അനുസരിച്ചു ക്ഷാമബത്ത നൽകുന്നു എന്നുറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

136 (1868) ചെറുകിട കർഷകർക്ക് പെൻഷൻ

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട കർഷകർക്ക് പെൻഷൻ നൽകുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് കമ്മീഷനെ നിയമിച്ചിരുന്നോ;

(ബി) എങ്കിൽ ആ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ട് നൽകുന്നതിന് കാലപരിധി നിശ്ചയിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly